ഉത്തരം

(എ) 19.9.1990-ലെ സുപ്രീം കോടതി വിധിയിൽ പ്രസ്താവിച്ചിട്ടുള്ള താഴെപ്പറയുന്ന താൽക്കാലിക ജീവനക്കാരെ ഇനിയും സ്ഥിരപ്പെടുത്തിയിട്ടില്ല.

1. 4.8.86 നുശേഷം കേരള വാട്ടർ അതോറിറ്റിയിൽ നിയമിതരായവരും 19.9.90-ൽ ഒരു വർഷത്തിൽ കൂടുതൽ സർവ്വീസുള്ളവരും എന്നാൽ നിശ്ചിത യോഗ്യതയില്ലാത്തവരുമായ 32 പേർ.

2. 19.9.90-ൽ ഒരു വർഷത്തിൽ കുറവ് സർവ്വീസുള്ള 171 പേർ.

(ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.†

## ദണ്ഡപാണി കമ്മീഷൻ ശുപാർശ

**47 (3447)**ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഞ്ചുവർഷം സർവ്വീസുള്ള എൻ.എം.ആർ ജീവനക്കാരെ, റഗുലറൈസ് ചെയ്യണമെന്ന് ദണ്ഡപാണി കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) പതിനഞ്ചു വർഷം വരെ സർവ്വീസുള്ള എൻ.എം.ആർ. കാരെ റഗുലറൈസ് ചെയ്തിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം ജീവനക്കാരെ റഗുലറൈസ് ചെയ്യുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)ഉണ്ട്.

(സി) എൻ.എം.ആർ. ആയി ജോലി നോക്കുന്ന കേരള പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ നിർവചിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യതയില്ലാത്തവരെ പ്രസ്തുത തസ്തികകളിൽ റഗുലറൈസ് ചെയ്യുന്നതിനെതിരായി കോടതി സ്റ്റേ നിലവിലുള്ളതുകൊണ്ടും പി. എസ്.സി. കൺകറൻസ് ലഭിക്കുന്നതിന് പ്രയാസമായതിനാലും ഇത്തരക്കാരെ റഗുലറൈസ് ചെയ്യുവാൻ നിയമം അനുവദിക്കുന്നില്ല. കേസ്സിൽ അനുകൂലമായ തീർപ്പുണ്ടാക്കാൻ ഇത്തരക്കാരെ റെഗുലറൈസ് ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ യോഗ്യതയുള്ളവരും അല്ലാത്തവരേയും തരം തിരിച്ച് ലിസ്റ്റ് ഉണ്ടാക്കിയപ്പോൾ യോഗ്യതയുണ്ടായിട്ടും ലിസ്റ്റിൽനിന്നും അവിചാരിതമായ കാരണങ്ങളാൽ വിട്ടുപോയ ചിലരെ യോഗ്യത പരിശോധിച്ച് റെഗുലറൈസ് ചെയ്യുവാൻ നടപടി സ്വീകരിച്ചുവരുന്നു.

## വാട്ടർ അതോറിറ്റിയിലെ നിയമനം

**48 (3448)**ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റിയിലുള്ള എല്ലാ വിഭാഗം തസ്തികകളിലും പട്ടികജാതി/പട്ടികവർഗ്ഗ സംവരണതത്വം പാലിച്ചിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly